"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - കേരള സംസ്ഥാന വഖഫ് ബോർഡ് - 2025-26 സാമ്പത്തിക വർഷം സോഷ്യൽ വെൽഫെയർ ഗ്രാന്റ് ഇനത്തിൽ രണ്ടാം ഗഡു റിലീസ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.128/2026/RD തീയതി,തിരുവനന്തപുരം, 18-01-2026

---

പരാമർശം:- 1. 25.08.2025 തീയതിയിലെ സ.ഉ.(സാധാ)നം.2002/2025/റവ നമ്പർ സർക്കാർ ഉത്തരവ്.

2. കേരള സംസ്ഥാന വഖഫ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 15.10.2025 തീയതിയിലെ ബി5-845/2025 നമ്പർ കത്ത്.

**ഉത്തരവ്**

2025-26 സാമ്പത്തിക വർഷത്തിൽ സംസ്ഥാന വഖഫ് ബോർഡിന് "2075-00-800-78 വഖ്ഫ് ബോർഡിന്റെ സാമൂഹ്യ ക്ഷേമ പ്രവർത്തനത്തിനു വേണ്ടിയുള്ള പ്രത്യേക ധനസഹായം" എന്ന ശീർഷകത്തിൽ സർക്കാർ ബഡ്ജറ്റിൽ വകയിരുത്തിയ 1 കോടി 32 ലക്ഷം രൂപയിൽ ആദ്യഗഡുവായി 52,80,000/- രൂപ പരാമർശം 1-ലെ ഉത്തരവ് പ്രകാരം റിലീസ് ചെയ്ത് ഉത്തരവായിട്ടുള്ളതാണ്.

2] സോഷ്യൽ വെൽഫെയർ ഗ്രാന്റ് ഇനത്തിൽ 2025-26 സാമ്പത്തിക വർഷത്തിൽ സർക്കാർ ബഡ്ജറ്റിൽ വകയിരുത്തിയ 1 കോടി 32 ലക്ഷം രൂപയിൽ ആദ്യഗഡുവായി അനുവദിച്ച 52,80,000/- രൂപ കിഴിച്ച് ബാക്കി 79,20,000/- രൂപയും (എഴുപത്തി ഒമ്പത് ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം), 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ ലഭിക്കാതെ പോയ 59,40,000/- രൂപയും കൂടാതെ കേരള നിയമ സഭയുടെ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII ന്റെ യോഗം ശിപാർശ ചെയ്ത 8.68 കോടി രൂപയും സംസ്ഥാന വഖ്ഫ് ബോർഡിന്റെ സ്പെഷ്യൽ ഗ്രാന്റ് ഇനത്തിൽ അധിക ധനസഹായമായി ഈ സാമ്പത്തിക വർഷത്തിൽ അനുവദിച്ച് നൽകണമെന്ന്, ആദ്യ ഗഡുവായി അനുവദിച്ച 52,80,000/- രൂപയുടെ വിനിയോഗസർട്ടിഫിക്കറ്റും 2025 സെപ്റ്റംബർ 30 വരെ വിവിധ ധനസഹായ അപേക്ഷകൾക്ക് നൽകുവാൻ കുടിശ്ശിക തുക സംബന്ധിച്ച വിവരങ്ങളും സഹിതം വഖഫ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശത്തിലെ കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

3] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2025-26 സാമ്പത്തിക വർഷം കേരള സംസ്ഥാന വഖഫ് ബോർഡിന് സോഷ്യൽ വെൽഫെയർ ഗ്രാന്റ് ഇനത്തിൽ നടപ്പ് സാമ്പത്തിക വർഷത്തെ ശീർഷകത്തിൽ വകയിരുത്തിയ 1.32 കോടി രൂപയിൽ ആദ്യഗഡുവായി അനുവദിച്ച 52,80,000/- രൂപ കിഴിച്ച് അവശേഷിച്ച 79,20,000/- രൂപയിൽ നിന്നും രണ്ടാം ഗഡുവായി 25,00,000/- രൂപ (ഇരുപത്തി അഞ്ച് ലക്ഷം രൂപ മാത്രം) റിലീസ് ചെയ്ത് ഇതിനാൽ ഉത്തരവ്

പുറപ്പെടുവിക്കുന്നു.

4] തിരുവനന്തപുരം ഗവൺമെന്റ് സെക്രട്ടറിയേറ്റിലെ റവന്യൂ (എഫ്) വകുപ്പ് Drawing and Disbursing Officer യഥാവിധി മേലൊപ്പിട്ട ബിൽ ധനകാര്യ വകുപ്പിന്റെ ways and means clearance-ന് വിധേയമായി സെക്രട്ടറിയേറ്റ് സബ് ട്രഷറിയിൽ ഹാജരാക്കി വഖഫ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് പ്രസ്തുത തുക കൈപ്പറ്റാവുന്നതും നിയമപ്രകാരം ആവശ്യാർത്ഥം ടി തുക വിനിയോഗിക്കാവുന്നതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി ആർ ജയപാൽ
അഡിഷണൽ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സ്റ്റേറ്റ് വഖഫ് ബോർഡ്, എറണാകുളം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, സെക്രട്ടറിയറ്റ് സബ് ട്രഷറി, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (16.01.2026-ലെ വ്യയം-ഡി1/236/2025/ധന പ്രകാരം)
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sheeba V R
Date: 19-01-2026 13:56:23
സെക്ഷൻ ഓഫീസർ